സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 59 | ലക്കം: 225 | 2024 ഡിസംബർ 28 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## വിപണി കുതിച്ചു, പൊന്ന് പൊള്ളി; അദാനി വീണു

മുംബൈ: ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചടുത്തോളം 2024 സാധ്യതകളുടേയും വെല്ലുവിളികളുടേതുമായിരുന്നു. ആഗോള സാമ്പത്തികരംഗത്തെ പല അനിശ്ചിതത്വങ്ങൾക്കിടയിലും പിടിച്ചുനിൽക്കാൻ ചില ഘട്ടങ്ങളിലെല്ലാം സമ്പദ്‌വ്യവസ്ഥക്ക് കഴിഞ്ഞു. എന്നാൽ, സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട് പുറത്തുവന്ന കണക്കുകൾ ഒട്ടും ആശാവഹമല്ല.പൊന്ന് പൊള്ളിയ വർഷമാണ് കടന്നുപോകുന്നത്. റെക്കോഡുകൾ ഭേദിച്ച് സ്വർണവില മുന്നേറി. വർഷാവസനത്തിൽ തിരിച്ചടിയുണ്ടായെങ്കിലും റെക്കോഡുകൾ ഭേദിച്ചാണ് ഓഹരി വിപണിയുടേയും കുതിപ്പ്. രത്തൻ ടാറ്റയെ പോലുള്ള അതികായന്റെ വേർപാടിനും 2024 സാക്ഷിയായി. ഗൗതം അദാനിയും മുകേഷ് അംബാനിയും 100 ബില്യൺ ഡോളർ ക്ലബിൽ നിന്നും പുറത്തായതും 2024ന്റെ കാഴ്ചയാണ്.

# പെരിയ ഇരട്ടക്കൊല: കെ.വി. കുഞ്ഞിരാമനുൾപ്പെടെ 14 പ്രതികൾ കുറ്റക്കാർ

കൊച്ചി: കാസർകോട് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത് ലാലും കൃപേഷും കൊല്ലപ്പെട്ട കേസിൽ 14 പ്രതികൾ കുറ്റക്കാരെന്ന് കോടതി. 10 പ്രതികളെ കുറ്റവിമുക്തരാക്കി. ഉദുമ മുൻ എം.എൽ.എ. കെ.വി. കുഞ്ഞിരാമനും മുൻ ലോക്കൽ സെക്രട്ടറി രാഘവൻ വെളുത്തോളിയും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി. കുഞ്ഞിരാമൻ 20–ാം പ്രതിയാണ്. കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്ത ഒന്നു മുതൽ എട്ടു വരെ പ്രതികൾക്കെതിരെ കൊലക്കുറ്റം തെളിഞ്ഞു.

കേസിൽ 9,11,12,13,16,17,18,19, 23,24 പ്രതികളെയാണ് കോടതി വെറുതെവിട്ടത്. ശിക്ഷിക്കപ്പെട്ടവരിൽ 6പേർ സിപിഎം നേതാക്കളാണ്.ശിക്ഷാവിധി ജനുവരി 3ലേക്ക് മാറ്റി. കേസിൽ എറണാകുളം സി.ബി. ഐ. പ്രത്യേക കോടതിയാണ് ഇന്ന് വിധിപറഞ്ഞത്. 20 മാസത്തോളം നീണ്ട വിചാരണ നടപടികൾക്കു ശേഷമാണ് കേസിൽ വിധി വന്നത്.

സി.പി.എം. നേതാക്കളുൾപ്പെടെ കേസിൽ 24 പ്രതികളാണുണ്ടായിരുന്നത്. ആദ്യം ലോക്കൽ പോലീസും പിന്നീട് ക്രൈംബ്രാഞ്ചും ഒടുവിൽ സി.ബി.ഐയുമാണ് കേസ് അന്വേഷിച്ചത്. ഹൊസ്ദുർഗ് കോടതിയിൽ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചുവെങ്കിലും തുടർനടപടി തുടങ്ങുംമുൻപേ ഹൈക്കോടതി കേസ് സി.ബി. ഐ.ക്ക് വിടുകയായിരുന്നു. കുറ്റപത്രം സമർപ്പിച്ച വേളയിൽ കീഴ്ക്കോടതിയുടെ വിമർശനങ്ങളും ക്രൈംബ്രാഞ്ച് അന്വേഷണസംഘം ഏറ്റുവാങ്ങിയിരുന്നു. 2വർഷത്തോളം നടന്ന വിചാരണയാണ് സി.ബി.ഐ. കോടതിയിൽ നടന്നത്.



മുൻ എം.എൽ.എ.യും സി.പി.എം. ജില്ലാ സെക്രട്ടറിയേറ്റംഗവുമായ കെ.വി.കുഞ്ഞിരാമൻ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റും സി.പി.എം. മുൻ ഉദുമ ഏരിയാ സെക്രട്ടറിയുമായ കെ.മണികണ്ഠൻ, പാർട്ടി പാക്കം-പെരിയ ലോക്കൽ സെക്രട്ടറിമാരായിരുന്ന വെളുത്തോളി രാഘവൻ, എൻ. ബാലകൃഷ്ണൻ തുടങ്ങി 24 പ്രതികളാണ് സി.ബി.ഐയുടെ കുറ്റപത്രത്തിലുണ്ടായിരുന്നത്. ഇതിൽ 14 പേരെ ക്രൈം ബ്രാഞ്ചാണ് അറസ്റ്റുചെയ്തത്. ആദ്യം അറസ്റ്റിലായ 14 പേരിൽ 11 പേർ വിയ്യൂർ സെൻട്രൽ ജയിലിലും പ്രതിപ്പട്ടികയിൽ സി.ബി.ഐ. ചേർത്ത 10 പേരിൽ അന്നു സി.പി.എം. ഏച്ചിലടുക്കം ബ്രാഞ്ച് സെക്രട്ടറിയായിരുന്ന പി.രാജേഷ് ഉൾപ്പെടെ 5പേർ കാക്കനാട് ജയിലിലുമാണ് കഴിഞ്ഞത്.

കല്ല്യോട്ടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായിരുന്ന കൃപേഷിനെയും ശരത്ത്‌ലാലിനെയും 2019 ഫെബ്രുവരി 17–നാണ് അതിക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. ഏച്ചിലടുക്കം റോഡിൽ കാറിലെത്തിയ സംഘം ഇരുവരെയും തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു. ബൈക്ക് തടഞ്ഞുനിർത്തിയ അക്രമിസംഘം കൃപേഷിനെയും ശരത്ത് ലാലിനെയും അതിക്രൂരമായി വെട്ടിപ്പരിക്കേൽപ്പിച്ചു. കൃപേഷ് സംഭവസ്ഥലത്തുവെച്ച് തന്നെ മരിച്ചു. മംഗളൂരുവിലെ ആശുപത്രിയിലേക്കുള്ള യാത്രാമധ്യേയായിരുന്നു ശരത്ത് ലാൽ മരിച്ചത്.

സി.ബി.ഐ. അന്വേഷണത്തിനെതിരേ സംസ്ഥാന സർക്കാർ പോയത് സുപ്രീംകോടതി വരെ, അതിനായി ചെലവഴിച്ചത് ലക്ഷങ്ങളും. സി.പി.എമ്മിന്റെ ജില്ലാ നേതാവ് മുതൽ പ്രാദേശിക നേതാക്കൾവരെ പ്രതികളായ പെരിയ ഇരട്ടക്കൊലക്കേസിൽ അത്രയേറെയാണ് ഇടതുസർക്കാർ സി.ബി.ഐ. അന്വേഷണത്തെ എതിർത്തത്. പക്ഷേ, സുപ്രീംകോടതിവരെ അപ്പീലുമായി പോയിട്ടും പെരിയയിലേക്ക് സി.ബി.ഐ. വന്നു. സി.പി.എം. നേതാക്കൾ പ്രതികളായി. ഒടുവിൽ അഞ്ചു വർഷങ്ങൾക്കിപ്പുറം കേസിൽ വിധിയും വന്നു.

## ഹാൻഡ് ബാഗ് ഇനി ഒന്ന് മാത്രം

ന്യൂഡൽഹി:വിമാന യാത്രക്കാരുടെ ബഗേജ് നിയമങ്ങൾ കർശനമാക്കി ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി. യാത്രക്കാർക്ക് ഇനി മുതൽ ഒരു ഹാൻഡ് ബാഗ്/ ക്യാബിൻ ബാഗ് മാത്രമെ വിമാനത്തിൽ അനുവദിക്കുകയുള്ളൂ. അന്താരാഷ്ട്ര, ആഭ്യന്തര യാത്രകളിൽ ഈ നിയമം ബാധകമാകും. ഇക്കണോമി ക്ലാസിൽ അനുവദിക്കുന്ന ഹാൻഡ് ബാഗിന്റെ ഭാരം ഏഴ് കിലോഗ്രാമാണ്. ബിസിനസ് ക്ലാസ് യാത്രക്കാർക്ക് 10 കിലോ വരെ ഭാരമുള്ള ഹാൻഡ് ബാഗ് അനുവദിക്കും. അധികമായി ബാഗ് കൈയിലുണ്ടെങ്കിൽ അത് ചെക് ഇൻ ചെയ്യേണ്ടി വരുമെന്നും ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ അറിയിച്ചു.

ബാഗുകളുടെ വലിപ്പത്തിലും നിയമങ്ങൾ കർശനമാക്കുകയാണ്. ഹാൻഡ് ബാഗുകൾക്ക് ഒരേ വലുപ്പം വേണമെന്നതാണ് മറ്റൊരു ചട്ടം. 55 സെന്റീമീറ്റർ ഉയരവും 40 സെന്റീമീറ്റർ നീളവും 20 സെന്റീമീറ്റർ വീതിയുമുള്ള ബാഗുകളാണ് അനുവദിക്കുക. എല്ലാ ക്ലാസുകളിലുമുള്ള യാത്രക്കാർക്ക് ഇത് ബാധകമാവും. യാത്രക്കാരുടെ ഹാൻഡ് ബഗേജിന്റെ ഭാരം അല്ലെങ്കിൽ വലുപ്പം നിയന്ത്രണ പരിധി കവിയുകയാണെങ്കിൽ അധിക ബാഗേജ് ഫീസ് ഈടാക്കും.

ഇൻഡിഗോ, എയർ ഇന്ത്യ തുടങ്ങിയ എയർലൈനുകൾ പുതിയ ചട്ടങ്ങൾ അവരുടെ ബാഗേജ് നയങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. വിമാനത്താവളങ്ങളിൽ യാത്രക്കാരുടെ എണ്ണം വർധിക്കുന്നതിനാൽ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനുമുള്ള സർക്കാർ ശ്രമങ്ങളുടെ ഭാഗമാണിത്. സെക്യൂരിറ്റി ചെക്ക്പോയിയിലെ തിരക്ക് കുറയ്ക്കുന്നതിലൂടെ വിമാനത്താവള പ്രവർത്തനങ്ങൾ സുഗമമാക്കുന്നതാണ് ലക്ഷ്യം.

## പെരിയ ഇരട്ടക്കൊലപാതകം തങ്ങൾ ചെയ്തതാണെന്ന് പറയാനുള്ള ബാധ്യത സി.പി.എമ്മിനുണ്ട്– രാഹുൽ മാങ്കൂട്ടത്തിൽ

തിരു: സ്വന്തം പാർട്ടി നേതാക്കൾ അടക്കമുള്ളവർ ശിക്ഷിക്കപ്പെടുമ്പോഴെങ്കിലും പെരിയ ഇരട്ടക്കൊലപാതകം തങ്ങൾ ചെയ്തതാണെന്ന് പറയാനുള്ള ബാധ്യത സി.പി.എം എന്ന രാഷ്ട്രീയ സംഘടനയ്ക്കുണ്ടെന്ന് രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. പെരിയ ഇരട്ടക്കൊലപാതക കേസിൽ 14 പ്രതികൾ കുറ്റവാളികളാണെന്ന് കണ്ടെത്തിക്കൊണ്ടുള്ള സി.ബി.ഐ കോടതി വിധി വന്നതിന് പിന്നാലെ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഈ കൊലപാതകങ്ങളിൽ യാതൊരു പങ്കുമില്ലെന്നാണ് ആദ്യ ഘട്ടത്തിൽ സി.പി.എം പറഞ്ഞത്. ഒരു മുൻ എം.എൽ.എയും സി.പി.എമ്മിന്റെ ജില്ലാ കമ്മറ്റി അംഗവും ഡി.വൈ.എഫ്ഐ.യുടെ മുൻ ജില്ലാ പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും സി.പി.എമ്മിന്റെ ഏരിയ കമ്മറ്റി മുൻ സെക്രട്ടറിയും സി.പി.എമ്മിന്റെ 2ലോക്കൽ കമ്മറ്റി മുൻ സെക്രട്ടറിമാരും അടക്കമുള്ള ആളുകൾ ശിക്ഷിക്കപ്പെടുമ്പോഴെങ്കിലും ഇത് ഞങ്ങൾ ചെയ്തതാണ് എന്ന് പറയാനുള്ള ബാധ്യത സി.പി.എം ഏറ്റെടുക്കണം.' രാഹുൽ പറഞ്ഞു.

2കോടിയോളം രൂപയാണ് പൊതുഖജനാവിൽ നിന്ന് ഈ കൊലയാളികളെ സംരക്ഷിക്കുവാൻ വേണ്ടിയും സി.ബി.ഐ എത്താതിരിക്കാൻ വേണ്ടിയും സർക്കാർ ചെലവഴിച്ചത്. കൃപേഷിന്റേയും ശരത് ലാലിന്റേയും കുടുംബങ്ങളുടെ കണ്ണീരിന് മുകളിലല്ല സർക്കാർ കോടാനുകോടിരൂപ മുടക്കി കോടതിയിലേക്ക് എത്തിച്ച രഞ്ജിത് കുമാറും മനീന്ദർ സിങും അടക്കമുള്ളവരുടെ നിയമ പാണ്ഡിത്യം എന്ന് കൂടി തിരിച്ചറിയപ്പെടുകയാണ് ഇവിടെയെന്നും രാഹുൽ കൂട്ടിച്ചേർത്തു.

### സംസ്ഥാനത്ത് ഒരാഴ്ച ദുഃഖാചരണം, പതാക താഴ്ത്തിക്കെട്ടും

തിരു: മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ സംസ്ഥാനത്ത് ഒരാഴ്ച ദുഃഖാചരണം പ്രഖ്യാപിച്ച് സർക്കാർ. എല്ലാ ഔദ്യോഗിക പരിപാടികളും റദ്ദാക്കിയതായി പൊതുഭരണ വകുപ്പ് അറിയിച്ചു.

ഡിസംബർ 26 മുതൽ ജനുവരി ഒന്നുവരെ സംസ്ഥാനത്ത് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചതായാണ് ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് അറിയിക്കുന്നത്. ദേശീയ പതാക താഴ്ത്തിക്കെട്ടുകയും ചെയ്യും. സംസ്ഥാനത്ത് ദേശീയ പതാക സ്ഥാപിച്ചിട്ടുള്ള ഇടങ്ങളിൽ പതാക താഴ്ത്തിക്കെട്ടുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് ഉത്തരവിലൂടെ നിർദേശം നൽകിയതായും സർക്കാർ അറിയിച്ചു.

ഇന്നലെ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ അനുശോചിച്ച് പ്രമേയം പാസാക്കിയിരുന്നു. ജനുവരി ഒന്നുവരെ ഏഴ് ദിവസത്തേക്ക് ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. ആ ദിവസങ്ങളിൽ വിദേശ എംബസികളിലടക്കം ദേശീയ പതാക പകുതി താഴ്ത്തും.

## മൻമോഹൻ സിങ്ങിന് രാജ്യം വിടചൊല്ലി



ന്യൂഡൽഹി: മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന് രാജ്യം വിട ചൊല്ലി. രാവിലെ 11.45ന് നിഗം ബോധ് ഘട്ടിലാണ് അന്ത്യകർമം. സംസ്കാരത്തിനായി വിലാപയാത്ര നിഗം ബോധ്ഘട്ടിലേക്ക് പുറപ്പെട്ടു. ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം നടന്നത്.

മോത്തിലാൽ മാർഗിലെ മൂന്നാം നമ്പർ ഔദ്യോഗിക വസതിയിൽ നിന്ന് രാവിലെ എട്ടോടെ മൃതദേഹം കോൺഗ്രസ് ആസ്ഥാനത്തേക്ക് മാറ്റി. എഐസിസി ആസ്ഥാനത്ത് പൊതുദർശനം പൂർത്തിയായി.

സോണിയാ ഗാന്ധി, മല്ലികാർജുൻ ഖാർഗെ, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, കെ. സി വേണുഗോപാൽ എംപി അടക്കമുള്ളവർ ആദരാഞ്ജലി അർപ്പിച്ചു. അന്ത്യാഞ്ജലി അർപ്പിക്കാൻ ആയിരക്കണക്കിന് പ്രവർത്തകരാണെത്തിയത്.

INVEST KERALA

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്
CIAL COCHIN INTERNATIONAL AIRPORT LIMITED

വ്യോമയാന ഹബ്ബിലേയ്ക്ക് ഒരു ചുവടുകൂടി



ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
ചെയർമാൻ, സിയാൽ

28 ഡിസംബർ 2024
താജ് ഹോട്ടൽ
കൊച്ചി വിമാനത്താവളം

സിയാൽ അവതരിപ്പിക്കുന്നു
TAJ
COCHIN INTERNATIONAL AIRPORT
KERALA

സിയാൽ നിർമാണം പൂർത്തിയാക്കുകയും തുടർനിക്ഷേപത്തിനും പ്രവർത്തനത്തിനുമായി ആഗോള ടെൻഡറിലൂടെ പ്രശസ്തമായ ഐ.എച്ച്.സി.എൽ- താജ് ഗ്രൂപ്പിന് കൈമാറുകയും ചെയ്ത പഞ്ചനക്ഷത്ര ഹോട്ടൽ **താജ്–കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട്** അഭിമാനത്തോടെ അവതരിപ്പിക്കുകയാണ്.

പ്രതിവർഷം ഒരു കോടി യാത്രക്കാരെത്തുന്ന സിയാൽ, ദക്ഷിണേന്ത്യയിലെ കണക്ടിവിറ്റി ഹബ്ബ് എന്ന ലക്ഷ്യത്തിലേയ്ക്ക് മുന്നേറുകയാണ്. രാജ്യാന്തര ടെർമിനൽ വികസനം, കമേഴ്സ്യൽ കോംപ്ലക്സ്, ഗോൾഫ് ടൂറിസം, എയർലൈനുകൾക്ക് മികച്ച പാക്കേജുകൾ, കാര്യക്ഷമമായ ഭൂവിനിയോഗം എന്നീ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.






**0484 : താങ്ങാനാവുന്ന ആഡംബരം യാഥാർത്ഥ്യമായി**

2024 സെപ്റ്റംബറിൽ തുറന്ന, 0484 എയ്റോ ലോഞ്ച് ഗംഭീര വിജയമായി. യാത്രക്കാർക്കും സന്ദർശകർക്കും കുറഞ്ഞ ചെലവിൽ വിമാനത്താവളത്തിനുള്ളിൽ ആഡംബര ഹോട്ടൽ സൗകര്യം.



**താജ് : പ്രീമിയം ലക്ഷ്വറിയിലേയ്ക്ക് സ്വാഗതം**

ടെർമിനലിൽ നിന്ന് 500 മീറ്റർ അടുത്ത്. 111 മുറികൾ, പ്രസിഡൻഷ്യൽ സ്യൂട്ടുകൾ, ബാങ്ക്വെറ്റ് ഹാളുകൾ, ബോർഡ് റൂമുകൾ, പ്രീ- ഫംഗ്ഷൻ ഏരിയ, സ്വിമ്മിംഗ് പൂൾ, ബാർ, ഫിറ്റ്നസ് സെന്റർ, താജ് ക്ലബ് ലോഞ്ച്, വിസ്ത റസ്റ്ററന്റ്, ഹൗസ് ഓഫ് മിംഗ്, ബ്രിസ്റ്റ്റോട്ട് കോഫി ഔട്ട്ലെറ്റ് എന്നിവ രുചി സമൃദ്ധി ഒരുക്കുന്നു. വിശാലമായ കാർ പാർക്കിങ്.



**സിയാൽ; വ്യോമയാന ഹബ്ബിന്റെ പുതുമുഖം**

• രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിൽ ഇന്ത്യയിലെ നാലാമത്തെ തിരക്കേറിയ വിമാനത്താവളം, 28 എയർലൈനുകൾ, 1576 പ്രതിവാര സർവീസുകൾ, രാജ്യത്തെ ഏറ്റവും കുറഞ്ഞ പാർക്കിങ്/ ലാൻഡിങ് നിരക്കുകൾ. • പുതിയ റൂട്ടുകളിലേയ്ക്ക് നിരന്തരം സർവീസ് തുടങ്ങുന്നു. • യൂറോപ്പൻ യൂണിയൻ നഗരങ്ങളിലേയ്ക്ക് സർവീസ് തുടങ്ങുന്ന എയർലൈനുകൾക്ക് പാർക്കിങ്/ ലാൻഡിങ് ഫീ ഒഴിവാക്കി. • രാജ്യാന്തര യാത്രക്കാർക്ക് സ്മാർട്ട് ഗേറ്റുകൾ, ആഭ്യന്തര യാത്രക്കാർക്കായി ഡിജി യാത്ര. ചെലവ് കുറഞ്ഞ ഷോപ്പിങ്ങിന് കൊച്ചിൻ ഡ്യൂട്ടി ഫ്രീ. • എം. ആർ.ഒ, ലൈൻ മെയിന്റനൻസ്, ഏവിയേഷൻ അക്കാദമി, ഹരിത ഊർജോൽപാദന കൺസൾട്ടൻസി.

**കഴിഞ്ഞ 3 വർഷത്തിനുള്ളിൽ പൂർത്തിയായ പദ്ധതികൾ**

അരിപ്പാറ ജല വൈദ്യുത നിലയം, പയ്യന്നൂർ സൗരോർജ നിലയം, ബിസിനസ് ജെറ്റ് ടെർമിനൽ, ഇംപോർട്ട് കാർഗോ ടെർമിനൽ, 0484 എയ്റോ ലോഞ്ച് ഉൾപ്പെടെ 34 പദ്ധതികൾ.

